Service With Love
JUBILEE MISSION
MEDICAL COLLEGE & RESEARCH INSTITUTE
Jubilee Mission P.O., East Fort,Thrissur - 680005, Kerala, India

07.07.2026

# ജൂബിലിയിൽ നാഷണൽ റിസേർച്ച് സിംപോസിയം

കെമിക്കൽ ബയോളജി ആന്റ് ഡ്രഗ്ഗ് ഡിസൈൻ എന്ന വിഷയത്തെ ആസ്പദമാക്കി ജൂബിലി ഗവേഷണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ രണ്ട് ദിവസത്തെ നാഷണൽ സിംപോസിയം സംഘടിപ്പിച്ചു. വിവിധ സംസ്ഥാനങ്ങളിൽ നിന്നായി എഴുപതോളം പേർ ഇതിൽ പങ്കെടുത്തു. പ്രോട്ടീനുകളെ ലക്ഷ്യമാക്കി നടത്തുന്ന രാസപഠനങ്ങളിൽ നിന്ന് രോഗചികിത്സക്കുള്ള പുതിയ മരുന്നുകളുടെ വികസനത്തെ പരാമർശിച്ചുകൊണ്ട് ഡോ. സുഷഭൻ സധുഖാൻ (ഐ.ഐ.ടി., പാലക്കാട്) പ്രബന്ധമവതരിപ്പിച്ചു. മരുന്നുവികസനത്തിൽ മൈക്രോപെപ്റ്റൈഡുകളുടെ അനന്ത സാധ്യതകളെക്കുറിച്ച് ഡോ. നവ്യ രാജ് (സൗദി ഇലക്ട്രോണിക് യൂണിവേഴ്സിറ്റി, സൗദി അറേബ്യ) അവതരിപ്പിച്ചു. ഡോ. അഭിനന്ദൻ സി. എസ്. (വയറോളജി ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം) ഡോ. ബേബി ചക്രപാണി പി. എസ്. (കുസാറ്റ്, കൊച്ചി) ഡോ. അഭിതാജ് ജെ. (യെനോപോയ യൂണിവേഴ്സിറ്റി, മംഗലാപുരം) ഡോ. ഗിരിനാഥ് ജി. പിള്ളൈ (C.V.J. Syn. Bio. Kochi), ഡോ. ശിവശങ്കർ പുട്ട (തിങ്ക് ബയോ എ.ഐ., കൊച്ചി), ഡോ. സരിത ഫ്രാൻസിസ് (ജൂബിലി, തൃശ്ശൂർ) എന്നിവരും പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

സിംപോസിയത്തിൽ അവതരിപ്പിച്ച 36 പ്രബന്ധങ്ങളുടെ സംക്ഷിപ്ത രൂപം ഐ.എസ്.ബി.എൻ. നമ്പറുള്ള പുസ്തകമായി പ്രസിദ്ധീകരിച്ചതിന്റെ പ്രകാശനം ജൂബിലി റിസേർച്ച് ഡയറക്ടർ ഡോ. ഡി.എം. വാസുദേവൻ റിസേർച്ച് കോർഡിനേറ്റർ ഡോ. പി. ആർ. വർഗ്ഗീസിന് നൽകി നിർവ്വഹിച്ചു. ഡോ. ദിലീപ് വിജയൻ സ്വാഗതവും ഡോ. മാത്യു ജോൺ നന്ദിയും രേഖപ്പെടുത്തി.

തെരഞ്ഞെടുക്കപ്പെട്ട 10 ഗവേഷകർ സിംപോസിയത്തിൽ ഉപപ്രബന്ധങ്ങൾ അവതരിപ്പിച്ചു. 14 പേർ തങ്ങളുടെ ഗവേഷണ ഫലങ്ങൾ പോസ്റ്റർ രൂപത്തിലും അവതരിപ്പിച്ചു. ഹിമശ്രീ (ജൂബിലി, തൃശ്ശൂർ) വിഷ്ണു എൻ.വി. (ഐ.ഐ.ടി., പാലക്കാട്) എന്നിവരെ മികച്ച പ്രബന്ധ അവതാരകരായി തിരഞ്ഞെടുത്തു. പള്ളിയിൽ ശിവദാസ് (ഐ.ഐ.ടി., പാലക്കാട്), രുദ്ര സാംസൺ (ആർ.ജി.സി.ബി., തിരുവനന്തപുരം) എന്നിവർക്ക് പോസ്റ്റർ വിഭാഗത്തിൽ അവാർഡുകൾ ലഭിച്ചു.

ഫോട്ടോ അടിക്കുറിപ്പ്- കെമിക്കൽ ബയോളജി ആന്റ് ഡ്രഗ്ഗ് ഡിസൈൻ നാഷണൽ സിംപോസിയത്തിലെ പുരസ്ക്കാര ജേതാക്കൾ വിശിഷ്ടാതിഥികൾക്കൊപ്പം.